## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2228 06.02.2019 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി ഹൈപ്പർ മാവേലിസ്റ്റോറിൽ ഗൃഹോപകരണ വിപണന കേന്ദ്രം

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി ഹൈപ്പർ മാവേലി സ്റ്റോറിൽ ഗൃഹോപകരണങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം വിഭാഗത്തിലുള്ള ഉല്പന്നങ്ങളാണ് ഇവിടെ വിപണനം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്.<br>ഫാൻ, മിക്സി, അടുക്കള പാത്രങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ മുതലായ ഗൃഹോപകരണങ്ങൾ വിപണനം നടത്തുന്നതിന് പ്രമുഖ കമ്പനികളുമായി ധാരണയായിട്ടുണ്ട്. |
| (ബി) | ഇവയുടെ വില്പനാനന്തര സേവനങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ; | (ബി) | കമ്പനികൾ നൽകുന്ന വാറണ്ടി, ഗ്യാരണ്ടി മുതലായവയും മറ്റ് വിൽപനാനന്തര സേവനങ്ങളും ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സാധാരണക്കാർക്ക് ആവശ്യമായ ഗൃഹോപകരണങ്ങളുടെ വിപുലമായ ശേഖരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | ബജാജ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ഹാവൽസ് ഇന്ത്യാ ലിമിറ്റഡ്, റ്റി.റ്റി.കെ പ്രസ്റ്റീജ് ലിമിറ്റഡ്, കൊട്ടാരം ട്രേഡിംഗ് കമ്പനി, പ്രൈമക്സ് ഹോം അപ്ലയൻസസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്, ഇന്നോവേറ്റീവ് ടെക്നോളജീസ് (IBEL) എന്നീ പ്രമുഖ കമ്പനികളുമായി ധാരണയാവുകയും അവരുടെ ഉല്പന്നങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ വിപണനത്തിനായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മാവേലി ഗൃഹോപകരണ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം, കരുനാഗപ്പള്ളി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകളിലും കൊട്ടാരക്കര, പുത്തനമ്പലം, ചാലക്കുടി, മാള എന്നിവിടങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലും തൃശ്ശൂരിലെ പീപ്പിൾ ബസാറിലും ഗൃഹോപകരണ സാമഗ്രികൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ